ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ ഇല്ല.

ശ്രീ. കെ. എ. മാത്യു: എന്തുകൊണ്ടാണ് തുടരണമെന്ന ഗവൺമെണ്ടിനു തോന്നാഞ്ഞത്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇപ്പോൾ അതിന്റെ സീസൺ അല്ല.

Sri. D. Gnanasigamony: Is there any proposal to revive that order?

Sri. T. K. Narayana Pillai: Not at present.

സെക്രട്ടറിയേറ്റ നടപടികൾ

*൭൯൩. (ചോ) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പ്രധാനമന്ത്രി സഭയെ മറുപടി പറയുമോ.—

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ തിരുവിതാംകൂർ–കൊച്ചി സംസ്ഥാന സെക്രട്ടറിയേറ്റ സംബന്ധിക്കുന്ന ഏതെങ്കിലും പുതിയ നടപടിനിബന്ധനകളും നിർദ്ദേശ പരിപാടികളും നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടിനിബന്ധനകളും നിർദ്ദേശങ്ങളും എന്തെല്ലാമായിരുന്നു?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ട്.

(ബി) ഈ ചോദ്യത്തിന്റെ ഉത്തരം തയാറാക്കുന്നതിനു വേണ്ട വിവരം ശേഖരിക്കുന്നതിനു വേണ്ടിവരുന്ന സമയവും അദ്ധ്വാനവും നോക്കുമ്പോൾ അതനുസരിച്ചു പ്രയോജനം ഉണ്ടാകുമെന്നു ഗവൺമെണ്ടു വിചാരിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ ഒരു വർഷത്തിനിടയിൽ ഏതെങ്കിലും അസിസ്റ്റൻറ് സെക്രട്ടറിയേയോ, സെക്രട്ടറിയേയോ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അസിസ്റ്റൻറ് സെക്രട്ടറിമാരേയും സെക്രട്ടറിമാരേയും കുറച്ചിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സെക്രട്ടറിയേറ്റിൽ ഉണ്ടാകുന്ന പുതിയ ഒഴിവുകളിൽ ഗവൺമെണ്ടിൽനിന്നും നേരിട്ടാണോ നിയമനങ്ങൾ നടത്തുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: സെക്രട്ടറിയേറ്റിൽ പുതിയ നിയമനങ്ങൾ നടത്തുന്നതു പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സെക്രട്ടറിയേറ്റിൽ ഉണ്ടാകുന്ന നിയമനങ്ങൾ ക്യാബിനറ്റിന്റെ കീഴിലാക്കാൻ വല്ല ആലോചനയും നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചന നടത്തിയിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻ ശാസ്ത്രി: ഒരു വർഷത്തിനിടയിൽ സെക്രട്ടറിയേറ്റിൽ നടത്തിയിട്ടുള്ളതായ നിയമനങ്ങളെല്ലാം പബ്ലിക്ക് സർവ്വീസ് കമ്മീഷൻതന്നെയാണോ നടത്തിയിട്ടുള്ളത്?

ശ്രീ. ടി. കെ. നാരായണപിള്ള: ഒരുവർഷത്തിനിടയിൽ സെക്രട്ടറിയേറ്റിൽ നടത്തിയിട്ടുള്ള നിയമനങ്ങളെല്ലാം പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയിട്ടുള്ളതാണ്.

ശ്രീ. കെ. എസ്സ്. ജോസഫ്: ഒരു ചോദ്യം അയച്ചാൽ അതിന്റെ ഉത്തരം ഉപയോഗമില്ലെന്നു നിശ്ചയിക്കേണ്ടതു് ഉത്തരം പറയേണ്ട ആളാണോ?

മിസ്റ്റർ സ്പീക്കർ: ചോദ്യം ചോദിക്കുന്ന മെമ്പറിനും ഉത്തരം പറയേണ്ട മെമ്പറിനും അതിനെപ്പറ്റി തീരുമാനംചെയ്യാൻ അവകാശമില്ല.

ശ്രീ. കെ. എസ്സ്. ജോസഫ്: ഞാൻ ഒരു ചോദ്യം ചോദിച്ചാൽ അതിനു ഉപയോഗമില്ല എന്നു പറയുന്നതു ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ പറഞ്ഞിട്ടില്ല.

Sri. K. S. Joseph: Sir, on a point of order. Who is to decide the usefulness of the answer, the questioner or the hon'ble member who answers it?

Mr. Speaker: I have already answered the point. In the nature of the question and the answer thereto, I find that the question has been duly answered. There is no necessity for any discussion on it.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ഇലങ്കത്ത് : പുതിയ നടപടിനിബന്ധനകളും നിർദ്ദേശങ്ങളുംകൊണ്ട് സെക്രട്ടറിയേറ്റിലെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

പൊതു സെൻസസ്സ്

*പുൻ ഉ. (ഫസ്റ്റ്) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സെൻസസ്സ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ പൊതുസെൻസസ്സ് ജോലി ഉടനെ നടപ്പിൽ വരുവാൻ ഇടയുണ്ടോ ?

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സെൻസസ്സ് കാര്യത്തിൽ എന്തെല്ലാം നയപരിപാടികളായിരിക്കും സ്വീകരിക്കുവാൻ പോകുന്നത് ;

(സി) ജാതീയ അടിസ്ഥാനവും, മതാടിസ്ഥാനവും സെൻസസ്സിൽ സ്വീകരിക്കുന്നതായിരിക്കുമോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ഉണ്ട്.

(ബി) സെൻസസ്സ് ഇൻഡ്യാഗവൺമെണ്ടിന്റെ നിയന്ത്രണത്തിലാണ്. അവരുടെ നിർദ്ദേശപ്രകാരമായിരിക്കും പ്രവർത്തിക്കുന്നത്.

(സി) ഈ പ്രവൃത്തി സെൻട്രൽ ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : ഈ സെൻസസ്സിന്റെ ചെലവു വഹിക്കുന്നത് ഇൻഡ്യാഗവൺമെണ്ടോ ഈ ഗവൺമെണ്ടോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : വീടുകളുടെ കണക്കെടുക്കുന്നതിനെ സംബന്ധിച്ചു പ്രാരംഭ ജോലികൾക്കുള്ള ചെലവു് ഈ ഗവൺമെണ്ടു വഹിക്കണമെന്നാണ് സെൻട്രൽ ഗവൺമെണ്ടു പറയുന്നത്.

MERGER

*898. [14] **Sri. R. K. Ram:** Will the Hon'ble the Chief Minister be pleased to state :

(*a*) whether any negotiations are going on between this Government and the Central Government regarding the merging of Travancore-Cochin in the Madras Province ; and

(*b*) if so, the stage at which the negotiations have reached ?

Sri. T. K. Narayana Pillai :

(*a*) No ;

(*b*) Does not arise.

POLICE

*899. [15] **Sri. K. Ramachandran :** Will the Hon'ble the Chief Minister be pleased to state whether Government are aware that there is a general slackening of morale and discipline among the police ranks ?

Sri. T. K. Narayana Pillai : No.

Sri. K. Ramachandran : Does not the Government wish that a change should be brought about in the present method of Police recruitment ?

Sri. T. K. Narayana Pillai : The Government do not feel convinced about the necessity to bring about a change in the matter of recruitment because even as per existing rules only educated men are now recruited to the Police Department. The antecedents of those who are proposed to be recruited are being closely examined by the authorities from time to time.

Sri. K. Ramachandran : Am I to take it that a CID report is submitted about them before recruiting them to the Police ranks ?

Sri. T. K Narayana Pillai : That is what I said. Their antecedents are being looked into very carefully before recruitment.

COTTAGE INDUSTRIES

*900. [16] **Sri. K. Ramachandran :** Will the Hon'ble Minister for Industries be pleased to state.—

LIBRARY ARCHIVES Kerala Legislative Assembly